<u>പതിനാലാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

# കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ഇളവ്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1666. 04.12.2018- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | റോഡ് വീതി കൂട്ടുന്നതിനായി സൗജന്യമായി സ്ഥലം വിട്ടു നൽകിയവർക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 1999 ലെ കെ.എം.ബി.ആർ ചട്ടം 3C (b), 2011 ലെ കെ.പി.ബി.ആർ ചട്ടം 3C (b) എന്നിവ പ്രകാരം ഒരു പൊതു ആവശ്യത്തിനായി സർക്കാറിനോ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കോ സർക്കാർ ഏജൻസികൾക്കോ വിട്ടുനൽകിയ സ്ഥലത്തിന്റെ ഉടമസ്ഥർ നടത്തുന്ന നിർമ്മാണങ്ങൾക്ക് സർക്കാരിന് ചീഫ് ടൗൺപ്ലാനറുമായി കൂടിയാലോചിച്ച് ഇളവ് നൽകാവുന്നതാണ്. കൂടാതെ 1999 ലെ കെ.എം.ബി.ആർ , 2011 ലെ കെ.പി.ബി.ആർ എന്നിവയിലെ അദ്ധ്യായം XI ലെ വ്യവസ്ഥകൾ പ്രകാരം റോഡ് വികസനത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനം/ വികസന അതോറിറ്റി/സർക്കാർ വകുപ്പ് / അർദ്ധ സർക്കാർ സ്ഥാപനം എന്നിവയ്ക്ക് സൗജന്യമായി സ്ഥലം വിട്ടു നൽകിയതിന്റെ ബാക്കി വരുന്ന വസ്തുവിലുള്ള നിർമ്മാണങ്ങൾക്ക് എഫ്.എ.ആർ കവറേജ് , സെറ്റ് ബാക്ക് , പാർക്കിംഗ് എന്നിവയിൽ നിബന്ധനകൾക്ക് വിധേയമായി ഇളവ് നൽകുന്നതിനും വ്യവസ്ഥയുണ്ട് |
| (ബി) | ഇത്തരത്തിൽ സൗജന്യമായി സ്ഥലം വിട്ടുനൽകിയ ഉടമകൾക്ക് പ്രസ്തുത സ്ഥലത്തോട് ചേർന്ന് പുതിയ കെട്ടിടം പണിയുമ്പോൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ പഞ്ചായത്ത് ഡയറക്ടറേറ്റിൽ തീരുമാനമാകാതിരിപ്പുണ്ട് എന്നറിയിക്കാമോ; | (ബി)<br>&<br>(സി) | റോഡ് വീതി കൂട്ടുന്നതിനായി സൗജന്യമായി സ്ഥലം വിട്ടു നൽകിയവർക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകുന്നത് പരിശോധിക്കുന്നതിനായി 19/09/2013 തീയതിയിലെ സ.ഉ.(സാധാ)നം 2343/2013/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം രൂപീകരിച്ച, തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള കമ്മിറ്റികളാണ് സ്ഥലം വിട്ടുനൽകിയവർക്ക് ഇളവ് നൽകുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കുന്നത്. പരാതികൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതും സ്പെഷ്യൽ |

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
|---|---|---|---|
| (സി) | സൗജന്യമായി സ്ഥലം വിട്ടുകൊടുത്ത കെട്ടിട ഉടമകൾക്ക് സ്ഥലം വിട്ടുനൽകിയ ശേഷം കെട്ടിട നിർമ്മാണച്ചട്ടം പാലിച്ചില്ല എന്ന കാരണത്താൽ കെട്ടിട നമ്പർ നിഷേധിക്കുന്ന അവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ അപ്രകാരം ഇളവ് ലഭിക്കുന്നതിന് ആർക്കാണ് അപേക്ഷ നൽകേണ്ടത്; വ്യക്തമാക്കുമോ; | | കമ്മിറ്റികളാണ്. |
| (ഡി) | സ്ഥലം വിട്ടു നല്കിയതിന് സർക്കാർ നഷ്ടപരിഹാരം നൽകിയവർക്ക് ചട്ടങ്ങളിൽ ഇളവ് നല്കി ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് സഹിതം വ്യക്തമാക്കുമോ? | (ഡി) | ഇല്ല |

സെക്ഷൻ ഓഫീസർ